# ഭാഗം I

## I. പദ്ധതി സംബന്ധമായ വിവരണം

കേരള സർക്കാർ നടപ്പിലാക്കി കൊണ്ടിരിക്കുന്ന ഏറ്റവും വലിയ അടിസ്ഥാന സൗകര്യ വികസന പദ്ധതികളിൽ ഒന്നാണ് കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിർമ്മാണം. ഇന്ത്യയിലെ തന്നെ ഏറ്റവും വലുപ്പമുള്ള വിമാനത്താവളങ്ങളിൽ ഒന്നായാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഉത്തര മല ബാറിന്റെ വിശിഷ്യ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട് ജില്ലകളുടേയും സമഗ്ര വികസന ത്തിന് ഈ പദ്ധതി പ്രയോജനപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിന് പുറമെ കർണ്ണാടകയിലെ കുടക് ജില്ലയിലെ ജനങ്ങൾക്കും ഈ പദ്ധതി പ്രയോജനപ്പെടുന്നതാണ്. വളരെയേറെ പ്രവാസികൾ പല രാജ്യങ്ങളിലായി ജോലി ചെയ്യുന്ന പ്രദേശമാണിത്. പ്രവാസികളേയും അവരുടെ ബന്ധുക്കളേയും സംബന്ധിച്ചിടത്തോളം ഈ പദ്ധതി ഒരു അനുഗ്രഹം തന്നെയായിരിക്കും എന്ന് അനുമാനിക്കപ്പെടു ന്നു. വ്യവസായികമായി അവികസിതമായ പ്രദേശമാണ് ഉത്തരമലബാർ. വിമാനത്താവളം വരുന്ന തോടെ ഈ മേഖലയുടെ വ്യാവസായികമായ വികസനത്തിന് ആക്കം കൂട്ടുമെന്ന് പ്രതീക്ഷിക്കുന്നു. വിമാനത്താവളത്തിന്റെ സ്ഥാപനത്തോടെ വികസിക്കുമെന്ന് പ്രതീക്ഷിക്കുന്ന ഒരു മേഖല ടൂറിസമാണ്. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം കാരണം വിദേശത്ത് നിന്നും സ്വദേശത്ത് നിന്നുമുള്ള ടൂറിസ്റ്റു കൾ പൊതുവേ വടക്കേ മലബാറിനെ കൈയ്യൊഴിയുകയാണ് പതിവ്. വടക്കെ മലബാറിലെ ടൂറിസം, വ്യവസായം എന്നിവ വികസിക്കുന്നതിനും പദ്ധതി പ്രയോജനപ്പെടുമെന്ന് കരുതപ്പെടുന്നു.

കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിൽ ഉൾപ്പെടുന്ന കീഴല്ലൂർ വില്ലേജിൽ കണ്ണൂർ വിമാനത്താ വളത്തിന്റെ നിർമ്മാണപ്രവൃത്തിക്ക് വേണ്ടി ഭൂമി ഏറ്റെടുത്തപ്പോൾ ചില സാങ്കേതിക കാരണങ്ങളാൽ ഏറ്റെടുക്കാൻ സാധിക്കാത്ത ഭൂമികൾ ഏറ്റടുക്കുന്നതിനായി അർത്ഥനാധികാരിയായ മാനേജിങ്ങ് ഡയറക്ടർ, കിൻഫ്ര തിരുവനന്തപുരം, 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമ പ്രകാരം ആവശ്യമായ ഭൂമി ഏറ്റെടുക്കുവാനുള്ള അർത്ഥന കണ്ണൂർ ജില്ലാ കലക്ടർക്ക് അയക്കുകയും കലക്ടർ തുടർ നടപ ടികൾക്കായി സർക്കാറിന് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത നിയമത്തിലെ 4(1) വകുപ്പ് പ്രകാരം സർക്കാർ സാമൂഹ്യാഘാത പഠന റിപ്പോർട്ട് തയ്യാറാക്കാൻ എംപാനൽ ചെയ്യപ്പെട്ട ഏജൻസി/വ്യക്തിക ളിൽ നിന്നും എ. മധുസുദനൻ, സിത്താര, മട്ടന്നൂർ എന്നവരെ നിയമിക്കുകയും ചെയ്തു. പ്രസ്തുത നിയമനം സംബന്ധമായ സർക്കാർ ഉത്തരവ് 11.12.17 ലെ ജി.ഒപി 74/17/ആർ.ഡി പ്രകാരം ഉത്തരവായി ട്ടുണ്ട്. ഇത് സംബന്ധമായി ചട്ടം 11(3) പ്രകാരം സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനം 13.12.2017 ലെ 2730 ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഈ പദ്ധതി പ്രകാരം ഇപ്പോൾ ഏറ്റെടുക്കാൻ ആവശ്യപ്പെട്ടിട്ടുള്ള ഭൂമിയിൽ മിക്കവാറും സ്ഥിതി ചെയ്യുന്നത് വിമാനതാവളത്തിന് വേണ്ടി നേരത്തെ ഏറ്റെടുത്ത ഭൂമിയുടെ ഉള്ളിലായാണ്. ഭൂവുടമക ളുമായി നേരിട്ട് ചർച്ച നടത്തി വില നിശ്ചയിക്കുകയും സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉടമ കൾ നേരിട്ട് സർക്കാറിലേക്ക് ഭൂമി രജിസ്റ്റർ ചെയ്ത് കൊടുക്കുന്ന രീതിയാണ് ഇതുവരെ ഇവിടെ അവ ലംബിച്ചത്. അങ്ങനെ രജിസ്റ്റർ ചെയ്യണമെങ്കിൽ വസ്തു സംബന്ധമായ എല്ലാ രേഖകളും ഉടമ ഹാജരാ ക്കുകയും ജില്ലാ ഗവൺമെന്റ് പ്ലീഡർ രേഖകളുടെ ആധികാരികത സംബന്ധമായ സാക്ഷ്യപത്രം നൽകു കയും വേണം. വസ്തുവിന്റെ ഉടമസ്ഥത തെളിയിക്കുന്നതിനുള്ള ആധാരം കാണിക്കാത്തവരുടേയും, ഭൂപരിഷ്കരണ നിയമ പ്രകാരമുള്ള ക്രയ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവരുടേയും, സിവിൽ വ്യവഹാര ങ്ങളിൽ ഉൾപ്പെട്ട വസ്തുക്കളുടെ ഉടമസ്ഥരുടേയും, കേസുകളാണ് ഇത്തരത്തിൽ ഏറ്റെടുക്കാൻ സാധി ക്കാഞ്ഞത്. ഇത്തരം കേസുകൾ ഭൂമി ഏറ്റെടുക്കൽ നിയമ പ്രകാരം മാത്രമെ ഏറ്റെടുക്കാൻ സാധി ക്കുകയുള്ളു. 01.01.2014 ൽ പുതിയ കേന്ദ്ര ഭൂമി ഏറ്റെടുക്കൽ നിയമം പ്രാബല്യത്തിൽ വന്നതോട് കൂടി ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരമുള്ള ഭൂമി ഏറ്റെടുക്കലും മന്ദഗതിയിലായി. ബന്ധപ്പെട്ട ചട്ട ങ്ങൾ രൂപികരിക്കാനുള്ള താമസവും മറ്റും കാരണമാണ് ഈ ഭൂമി ഏറ്റെടുക്കൽ നടപടി വൈകിയത്. 2018 വർഷത്തിൽ തന്നെ കണ്ണൂർ വിമാനത്താവളം പ്രവർത്തന സജ്ജമാക്കാനാണ് സർക്കാർ ശ്രമിക്കു ന്നത്, പൂർണ തോതിൽ വിമാനത്താവളം സജ്ജമാക്കുമ്പോൾ ഇപ്പോൾ ആവശ്യപ്പെട്ട ഭൂമികൂടി ലഭിക്കേ ത് അത്യവശ്യമാണെന്ന് കാണുന്നു.

## II. <u>സാമൂഹ്യാഘാത പഠന യൂണിറ്റ്.</u>

ഈ പദ്ധതിയുടെ സാമൂഹ്യാഘാത പഠനം നടത്തുന്നതിന് എ. മധുസുദനൻ, സിത്താര, മട്ടന്നൂർ എന്നവരെ ആണ് സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇത് സംബന്ധമായി സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനം 13.12.2017 ലെ 2730 ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടു ണ്ട്.

### സാമൂഹ്യാഘാത പഠന യൂണിറ്റിന്റെ ഘടന.

ഈ പദ്ധതിയുടെ സാമൂഹ്യാഘാത പഠന യൂണിറ്റിന്റെ ഘടന താഴെ പറയും വിധമാണ്.

| | | | |
|---|---|---|---|
| 1. | മധുസൂധനൻ എ | ഡെപ്യൂട്ടി കലക്ടർ (റിട്ട) | ചെയർമാൻ |
| 2. | സരള സി ടി | ഡെപ്യൂട്ടി തഹസിദാർ (റിട്ട) | അംഗം |
| 3. | നാരായണൻ എടവലത്ത് | ഡെപ്യൂട്ടി തഹസിദാർ (റിട്ട) | അംഗം |

# III. ആവശ്യമായ ഭൂമി സംബന്ധമായ വിവരങ്ങൾ

ബ്ലോക്ക് -77

| ക്രമ നമ്പർ | വില്ലേജ് | ദേശം | സർവ്വേ നമ്പർ | ഏകദേശ വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|---|---|
| 1 | കീഴല്ലൂർ | കൊതേരി | 3/1Pt | 9.6264 |
| 2 | കീഴല്ലൂർ | കൊതേരി | 3/1 J Pt | 1.2780 |
| 3 | കീഴല്ലൂർ | കൊതേരി | 1 Pt | 3.3508 |
| | ആകെ | | | 14.2552 |

ബ്ലോക്ക് -78

| ക്രമ നമ്പർ | വില്ലേജ് | ദേശം | സർവ്വേ നമ്പർ | ഏകദേശ വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|---|---|
| 1 | കീഴല്ലൂർ | കൊതേരി | 2 Pt | 0.8903 |
| 2 | കീഴല്ലൂർ | കൊതേരി | 3/1 A Pt | 0.0323 |
| 3 | കീഴല്ലൂർ | കൊതേരി | 3/1 B Pt | 0.1052 |
| | ആകെ | | | 1.0278 |

ബ്ലോക്ക് -79

| ക്രമ നമ്പർ | വില്ലേജ് | ദേശം | സർവ്വേ നമ്പർ | ഏകദേശ വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|---|---|
| 1 | കീഴല്ലൂർ | കൊതേരി | 17/1 Pt | 0.8601 |
| 2 | കീഴല്ലൂർ | കൊതേരി | 17/2 Pt | 0.3885 |
| 3 | കീഴല്ലൂർ | കൊതേരി | 3/1 C Pt | 0.6841 |
| 4 | കീഴല്ലൂർ | കൊതേരി | 3/1 D Pt | 0.5897 |
| 5 | കീഴല്ലൂർ | കൊതേരി | 3/1 G Pt | 0.0970 |
| 6 | കീഴല്ലൂർ | കൊതേരി | 3/1 F Pt | 0.0227 |
| | ആകെ | | | 2.6421 |

ബ്ലോക്ക് -80

| ക്രമ നമ്പർ | വില്ലേജ് | ദേശം | സർവ്വേ നമ്പർ | ഏകദേശ വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|---|---|
| 1 | കീഴല്ലൂർ | കൊതേരി | 16/2 Pt | 0.2185 |
| 2 | കീഴല്ലൂർ | കൊതേരി | 16/3 Pt | 0.0636 |
| 3 | കീഴല്ലൂർ | കൊതേരി | 16/6 Pt | 0.0257 |
| 4 | കീഴല്ലൂർ | കൊതേരി | 16/7 Pt | 0.1572 |
| 5 | കീഴല്ലൂർ | കൊതേരി | 16/9 Pt | 0.0022 |
| 6 | കീഴല്ലൂർ | കൊതേരി | 3/1 E Pt | 0.3307 |
| 7 | കീഴല്ലൂർ | കൊതേരി | 3/1 H Pt | 0.5677 |
| | ആകെ | | | 1.3656 |

ബ്ലോക്ക് -80

| ക്രമ നമ്പർ | വില്ലേജ് | ദേശം | സർവ്വേ നമ്പർ | ഏകദേശ വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|---|---|
| 1 | കീഴല്ലൂർ | കൊതേരി | 19/1 Pt | 0.1423 |
| 2 | കീഴല്ലൂർ | കൊതേരി | 19/2 Pt | 0.2915 |
| | ആകെ | | | 0.4338 |
| | ആകെ മൊത്തം | | | 19.7245 |

## IV. പഠന വിഷയങ്ങളും പഠനോപാധികളും

സാമൂഹ്യാഘാത പഠന യൂനിറ്റിന്റെ 18.12.2017 തിയ്യതിയിൽ ചേർന്ന യോഗത്തിൽ പഠന വിഷയങ്ങളെ സംബന്ധിച്ചും പഠനോപാധികളെ സംബന്ധിച്ചും വിശദമായി ചർച്ച ചെയ്തു. യോഗത്തിൽ വെച്ച് പഠന വിഷയങ്ങൾ താഴെ പറയും വിധം നിർണ്ണയിച്ചു.

**പഠന വിഷയങ്ങൾ**

1. പദ്ധതിയുടെ സ്വഭാവം
2. പദ്ധതിക്കാവശ്യമായ ഏറ്റവും കുറഞ്ഞ അളവിലുള്ള ഭൂമി മാത്രമാണോ ആവശ്യപ്പെട്ടിട്ടുള്ളത്
3. പകരം ഭൂമി ലഭ്യമാണോ
4. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ സ്വഭാവം - കൃഷികൾ
5. പദ്ധതിയാൽ ബാധിക്കപ്പെടുന്ന വ്യക്തികളെ സംബന്ധിച്ച വിവരങ്ങൾ
6. പദ്ധതിക്ക് ഭൂമി ഏറ്റെടുക്കുമ്പോൾ കുടി ഒഴിപ്പിക്കപ്പെടുന്ന വീടുകളുടെ വിവരങ്ങൾ
7. പദ്ധതിക്ക് ഭൂമി ഏറ്റെടുക്കുമ്പോൾ ഒഴിപ്പിക്കപ്പെടുന്ന കച്ചവട സ്ഥാപനങ്ങൾ/വ്യവസായ സ്ഥാപനങ്ങൾ
8. പദ്ധതി ബാധിതരുടെ പ്രൊഫൈൽ
9. വസ്തുവിന്റെ ഉടമസ്ഥാവകാശം സംബന്ധമായ വിവരങ്ങൾ
10. കഴിഞ്ഞ മൂന്ന് വർഷമായി പ്രദേശത്തെ ഭൂമി വിലയിൽ ഉണ്ടായ മാറ്റങ്ങൾ
11. പദ്ധതിയുടെ സാമൂഹ്യാഘാതങ്ങൾ

**പഠനോപാധികൾ**

1 നേരിട്ടുള്ള വിവര ശേഖരണം..

2. തെരഞ്ഞെടുത്ത ഭുവുടമകളുമായി ഫോൺ മുഖാന്തരമുള്ള വിവര ശേഖരണം

## V. കണ്ടെത്തലുകൾ

**1. പദ്ധതിയുടെ സ്വഭാവം**

കേരള സർക്കാറിനാൽ സ്ഥാപിതമായ പബ്ലിക് ലിമിറ്റഡ് കമ്പനിയാണ് കിയാൽ അഥവാ കണ്ണൂർ ഇന്റർ നാഷണൽ എയർപോർട്ട് ലിമിറ്റഡ്. കമ്പനിയുടെ 69% ഓഹരികളും സർക്കാറിന്റെയും പൊതുമേഖലാ കമ്പനികളുടേയും കൈവശത്തിലാണുള്ളത്. കമ്പനിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

എ. വിദേശ സഞ്ചാരികൾക്കും തദ്ദേശീയ യാത്രകാർക്കും ഉത്തര മലബാറിലേക്ക് സർക്കാർ സഹായത്തോടുകൂടി സുരക്ഷിതവും കാര്യക്ഷമവും ചെലവ് കുറഞ്ഞതുമായ യാത്രാ സൗകര്യം ഏർപ്പെടുത്തുക

ബി. മലബാർ പ്രദേശത്തിന് ആവശ്യമായ ഒരു എയർ കാർഗോ ഹബ് നിർമ്മിക്കുക.

സി. വ്യാപാരം, വ്യവസായം, തൊഴിൽ അവസരങ്ങൾ, പരമ്പരാഗത വ്യവസായങ്ങളുടെ വിപണനം, ഐ.ടി & ഐ.സി.ടി. മേഖലകളിൽ പുതിയ സാധ്യതകൾ കണ്ടെത്തുക

ഡി. ബീച്ച് ടൂറിസം, ഹെൽത്ത് ടൂറിസം തുടങ്ങിയവ വികസിപ്പിക്കുക

ഇ. വടക്കേ മലബാർ പ്രദേശത്തെ ഉന്നത വ്യവസായ വികസിത കേന്ദ്രമാക്കുക

കമ്പനിയുടെ ഈ പ്രഖ്യാപിത ലക്ഷ്യങ്ങൾ എല്ലാംതന്നെ ജനങ്ങളുടേയും സംസ്ഥാനത്തിന്റെയും പൊതുവായ ഉന്നതി ലക്ഷ്യമാക്കിയാണെന്ന് കാണുന്നു.

**2. പദ്ധതിക്കാവശ്യമായ ഏറ്റവും കുറഞ്ഞ അളവിലുള്ള ഭൂമി മാത്രമാണോ ആവശ്യപ്പെട്ടിട്ടുള്ളത്**

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പദ്ധതിക്ക് വേണ്ടി ആകെ 2000 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടത്. അതിൽ ഏകദേശം 1920 ഹെക്ടർ ഭൂമി ഇതിനകം ഏറ്റെടുത്തിട്ടുണ്ട്. പലവിധ കാരണങ്ങളാൽ ഏറ്റെടുക്കാൻ സാധിക്കാത്ത ഭൂമിയാണ് ഈ അർത്ഥന പ്രകാരം ആവശ്യപ്പെട്ടിട്ടുള്ളത്. കണ്ണൂർ വിമാനത്താവളത്തിന് വേണ്ടി നേരത്തെ ഏറ്റെടുത്ത ഭൂമിയുടെ അതിർത്തിക്കുള്ളിലായി സ്ഥിതി ചെയ്യുന്നവയാണ് ഈ ഭൂമികൾ. നേരത്തെ നിശ്ചയിച്ച അലൈൻമെന്റിനുള്ളിൽ സ്ഥിതി ചെയ്യുന്നതിനാൽ ഈ ഭൂമി ഏറ്റെടുക്കേണ്ടത് പദ്ധതിക്കും ഉടമകൾക്കും ഒരുപോലെ ആവശ്യമാണ്. ഈ സാഹചര്യത്തിൽ പരിശോധന വിഷയം പ്രസക്തമല്ല എന്ന് കാണുന്നു.

**3.പകരം ഭൂമി ലഭ്യമാണോ**

ഇപ്പോൾ ആവശ്യപ്പെട്ടിട്ടുള്ള ഭൂമികൾ നേരത്തെ വിമാനത്താവളത്തിന് വേണ്ടി ഏറ്റെടുത്ത ഭൂമിയുടെ അതിർത്തിക്കുള്ളിലായാണ് സ്ഥിതി ചെയ്യുന്നത്. മേൽ സാഹചര്യത്തിൽ മറ്റ് ഭൂമികൾ ഇതിന് പകരമായി നിർദ്ദേശിക്കാൻ നിർവ്വാഹമില്ല.

**4.ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ സ്വഭാവം**

കീഴല്ലൂർ വില്ലേജിൽ കൊതേരി ദേശത്ത് വിവിധ സർവ്വേ നമ്പറുകളിലായി സ്ഥിതി ചെയ്യുന്ന ഭൂമി പ്രധാനമായും രണ്ട് തരത്തിലുള്ളവയാണ്. കൊതേരി ദേശത്തിന്റെ ഒരു വലിയ ഭാഗം വെള്ളിയാംപറമ്പ് ദേശവുമായി ചേർന്ന് നിൽക്കുകയാണ്. വെള്ളിയാംപറമ്പ് ദേശം ഒരു സമതലത്തിൽ നിന്ന് ഉയർന്ന് ഒരു പീഠഭൂമി പോലെ പരന്ന് കിടക്കുകയാണ്. ഇത് പ്രധാനമായും പാറക്കെട്ടുകളും ചെങ്കല്ലുകളും നിറഞ്ഞ ഒരു പ്രദേശമാണ്. മുൻകാലങ്ങളിൽ വ്യാപകമായ രീതിയിൽ ചെങ്കൽ ഖനനം നടന്ന പ്രദേശമാണ്. കശുമാവ് മാത്രമാണ് ഇവിടെ കാര്യമായി കൃഷി ചെയ്യപ്പെടുന്നത്. ഇവിടെ ജല സ്രോതസ്സുകൾ പൊതുവേ കുറവാണ്. വ്യാവസായിക ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്ന ഭൂമിയാണിത്.

കൊതേരി ദേശത്തിന്റെ താഴ്ന്ന പ്രദേശങ്ങൾ ജനവാസ കേന്ദ്രങ്ങളും വിവിധതരം കൃഷികളും നാണ്യ വിളകളും നിറഞ്ഞു നിൽക്കുന്നവയും ജല ലഭ്യതയുള്ളവയുമാണ്. ഈ പ്രദേശം മട്ടന്നൂർ - കണ്ണൂർ സ്റ്റേറ്റ് ഹൈവേയോട് അടുത്ത് കിടക്കുന്നവയും നഗരസമാനമായ സ്വഭാവത്തോട് കൂടിയതുമാണ്.

**കൃഷികൾ**

വെള്ളിയാംപറമ്പ് ദേശത്തോട് ചേർന്ന് കിടക്കുന്ന കൊതേരി ദേശത്തിന്റെ ഭാഗങ്ങളിൽ കശുമാവ് കൃഷി മാത്രമാണ് കാര്യമായി ഉള്ളത്. ചെങ്കല്ല് കൊത്തിയ പണകളിൽ മണ്ണ് നിറച്ച് കശുമാവ് കൃഷി ചെയ്തതായി കാണുന്നു.

കൊതേരി ദേശത്തിന്റെ താഴ്ന്ന പ്രദേശങ്ങളിൽ തെങ്ങ്, കവുങ്ങ്, മാവ്, പ്ലാവ് തുടങ്ങിയ പല വൃക്ഷങ്ങളും റബ്ബർ തുടങ്ങിയ നാണ്യവിളകളും തേക്ക്, മഹാഗണി തുടങ്ങിയ തടിമരങ്ങളും ധാരാള മായി കൃഷി ചെയ്ത് വരുന്നു. ഏറ്റെടുക്കുന്ന ഭൂമിയിൽ വയലുകളോ, നെൽകൃഷി ചെയ്യുന്ന പ്രദേ ശമോ ഉൾക്കൊള്ളുന്നില്ല.

**5.പദ്ധതിയാൽ ബാധിക്കപ്പെടുന്ന വ്യക്തികളെ സംബന്ധിച്ച വിവരങ്ങൾ**

ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന കൈവശ ഭൂമിയുടെ ഉടമകൾ താഴെ പറയുന്നവരാണെന്നു അന്വേഷണത്തിൽ അറിയുന്നു.

| ക്രമ നമ്പർ | തല്പര കക്ഷികളുടെ പേരും വിലാസവും | തൊഴിൽ |
|---|---|---|
| 1 | എ. രാഘവൻ, ഗോകുലം, മണ്ണൂർ, പൊറോറ പി.ഒ | സെക്രട്ടറി, ചകിരി കമ്പനി |
| 2 | ചന്ദ്രോത്ത് രാമചന്ദ്രൻ നായർ, വെള്ളിയാംപറമ്പ്, മട്ടന്നൂർ കോളേജ് പി.ഒ | പെൻഷണർ |
| 3 | ചന്ദ്രോത്ത് ദാമോദരൻ നായർ, വെള്ളിയാംപറമ്പ്, മട്ടന്നൂർ കോളേജ് പി.ഒ | കൃഷി |
| 4 | കെ.കെ കുഞ്ഞമ്മദ് മാസ്റ്റർ, മുബാറക് മൻസിൽ, പൊറോറ പി.ഒ | പെൻഷണർ |
| 5 | എൻ. പി അലീമ, തഖ്‌വീർ മൻസിൽ, പൊറോറ പി.ഒ | സ്വന്തം |
| 6 | എൻ.പി അഷ്റഫ്, റയ്ഹാന മൻസിൽ, വായന്തോട്, മട്ടന്നൂർ കോളേജ് പി.ഒ | ബിസ്സിനസ്സ് |
| 7 | അബ്ദുൾ റഫീഖ്, ഫാത്തിമ വില്ല, പൊറോറ പി.ഒ | ഡ്രൈവർ |
| 8 | എൻ.പി റംല, റാഹത്ത് മൻസിൽ, മട്ടന്നൂർ കോളേജ് പി.ഒ | സ്വന്തം |

| | | |
|---|---|---|
| 9 | എൻ.പി ഖൈറുന്നിസ, അൽ ഫജർ, കൊക്കയിൽ, മട്ടന്നൂർ പി.ഒ | സ്വന്തം |
| 10 | എൻ. പി താഹിറ, ഗരീബ് നിവാസ്, മട്ടന്നൂർ പി.ഒ | സ്വന്തം |
| 11 | അബു സാലിഹ് എൻ.പി, ബൈത്ത് അൽ സബ, കൊക്കയിൽ മട്ടന്നൂർ പി.ഒ | ബിസ്സിനസ്സ് |
| 12 | ഷിഹാബുദ്ദീൻ, ഷാനിമാസ്, ഉളിയിൽ പി.ഒ | ബിസ്സിനസ്സ് |
| 13 | ശുഹൈബ് എൻ. പി, മുക്ത്യാർ ഏജന്റ് - അബ്ദുൾ റഫീഖ് എൻ.പി, ഫാത്തിമ വില്ല, പൊറോറ പി.ഒ | ഡ്രൈവർ |
| 14 | സി.പി ആയിഷ, സഫ ഗാർഡൻ, കയനി പി.ഒ | സ്വന്തം |
| 15 | എൻ.പി അസൂറ, തഖ്വീർ മൻസിൽ, പൊറോറ പി.ഒ | സ്വന്തം |
| 16 | ഖദീസ്സു കെ.കെ, കരിയിൽ ഹൗസ്, മട്ടന്നൂർ പി.ഒ | സ്വന്തം |
| 17 | മുഹമ്മദ് ഹാജി കെ.കെ, എം.എം ഹൗസ്, മട്ടന്നൂർ കോളേജ് പി.ഒ | സ്വന്തം |
| 18 | കെ.കെ അബ്ദുള്ള, സഫ്നാസ്, കൊക്കയിൽ, കോളേജ് റോഡ്, മട്ടന്നൂർ പി.ഒ | കച്ചവടം |
| 19 | സഫിയ കെ.കെ, സഹ്റാസ്, വായന്തോട്, മട്ടന്നൂർ പി.ഒ | സ്വന്തം |
| 20 | മൂസക്കുട്ടി കെ.കെ, എസ് ഷോർ ഹൗസ്, കോളേജ് റോഡ്, മട്ടന്നൂർ പി.ഒ | കച്ചവടം |
| 21 | റാബിയ കെ.കെ, റാബിയ മൻസിൽ, വായന്തോട്, മട്ടന്നൂർ പി.ഒ | സ്വന്തം |
| 22 | അഫ്സത്ത് കെ.കെ, കരിയിൽ ഹൗസ്, വായന്തോട്, മട്ടന്നൂർ പി.ഒ | സ്വന്തം |
| 23 | പാത്തുമ്മ കെ.കെ, ചോളക്കണ്ടി ഹൗസ്, പരിയാരം, കോളാരി പി.ഒ | സ്വന്തം |
| 24 | ഹാജിറ പി, നസീറ മൻസിൽ, പരിയാരം, കോളാരി പി.ഒ | സ്വന്തം |
| 25 | ഷാഹിദ. കെ, ഷയീസ് വില്ല, വായന്തോട്, മട്ടന്നൂർ പി.ഒ | സ്വന്തം |
| 26 | ഇസ്മയിൽ കെ.കെ, കുടുംകുളവൻ ഹൗസ്, മട്ടന്നൂർ പി.ഒ | കൂലി |
| 27 | സീനത്ത് കെ.കെ, കുടുംകുളവൻ ഹൗസ്, മട്ടന്നൂർ പി.ഒ | സ്വന്തം |
| 28 | നബീസ്സു കെ.കെ, കുടുംകുളവൻ ഹൗസ്, മട്ടന്നൂർ പി.ഒ | സ്വന്തം |

| | | |
|---|---|---|
| 29 | മുഹമ്മദലി കെ.കെ, മുക്ത്യാർ ഏജന്റ് - ഷമീറ, കുടുംകുളവൻ ഹൗസ്, മട്ടന്നൂർ പി.ഒ | കൂലി |
| 30 | ഇബ്രാഹിം കെ.കെ, മുക്ത്യാർ ഏജന്റ് - ഷമീറ, കുടുംകുളവൻ ഹൗസ്, മട്ടന്നൂർ പി.ഒ | കൂലി |
| 31 | ഈസ കെ.കെ, മുക്ത്യാർ ഏജന്റ് - ഷാഹിദ. കെ, കുടുംകുളവൻ ഹൗസ്, മട്ടന്നൂർ പി.ഒ | സ്വന്തം |
| 32 | പി,ഇ ഗോവിന്ദൻ നമ്പ്യാർ, ശ്രീ ഗോവിന്ദം, മട്ടന്നൂർ പി.ഒ | പെൻഷണർ |
| 32 | ഒതയോത്ത് പ്രശാന്തൻ, കതിരൂർ പി.ഒ | കൃഷി |
| 33 | കെ.കെ വിജയൻ നമ്പ്യാർ, കുനിയിൽ ഹൗസ്, എടയന്നൂർ | കൃഷി |
| 34 | കെ.കെ മുഹമ്മദലി, തിയ്യത്തികണ്ടി ഹൗസ്, മട്ടന്നൂർ പി.ഒ | സ്വന്തം |
| 35 | സുലേഖ കെ, കാര്യത്ത് ഹൗസ്, കൊതേരി, മട്ടന്നൂർ പി.ഒ | സ്വന്തം |
| 36 | സബിത കെ.കെ, മീത്തലെ രയരോത്ത്, വെള്ളിയാം പറമ്പ്, മട്ടന്നൂർ കോളേജ് പി.ഒ | സ്വന്തം |
| 37 | സജേഷ് എം.ആർ, മീത്തലെ രയരോത്ത്, വെള്ളിയാം പറമ്പ്, മട്ടന്നൂർ കോളേജ് പി.ഒ | വാച്ച്മാൻ |
| 38 | സൂരജ് എം.ആർ, മീത്തലെ രയരോത്ത്, വെള്ളിയാം പറമ്പ്, മട്ടന്നൂർ കോളേജ് പി.ഒ | സ്വന്തം |
| 39 | ഗോവിന്ദൻ നായർ എം.ആർ, കെ.കെ, മീത്തലെ രയ രോത്ത്, വെള്ളിയാം പറമ്പ്, മട്ടന്നൂർ കോളേജ് പി.ഒ | കൃഷി |
| 40 | എം. ആർ കൃഷ്ണൻ നായർ ,ഉദയം, വെള്ളിയാം പറ മ്പ്, മട്ടന്നൂർ കോളേജ് പി.ഒ | കൃഷി |
| 41 | കെ.കെ മുഹമ്മദ് ഹാജി, വെള്ളിയാംപറമ്പ് | ബിസിനസ്സ് |
| 42 | ഞാലിൽ ലീല, മുതൽ 3 പേർ, അയ്യല്ലൂർ, കോളാരി പി.ഒ | സ്വന്തം |
| 43 | പി. ഇ നാരായണൻ നമ്പ്യാർ, വിശ്വം, കൊതേരി, മട്ട ന്നൂർ പി.ഒ | പെൻഷണർ |
| 44 | സതി. എൻ, തയ്യിൽ ഹൗസ്, മലക്ക് താഴെ, മട്ടന്നൂർ പി.ഒ | സ്വന്തം |
| 45 | രാജേന്ദ്രൻ കെ.കെ, കോട്ടക്കുന്നുമ്മൽ ഹൗസ്, കോട്ടയം മലബാർ പി.ഒ | സെയിൽസ്മാൻ |
| 46 | മുരിക്കോളി പുരുഷോത്തമൻ, കപ്പണയിൽ ഹൗസ്, കൊതേരി, മട്ടന്നൂർ പി.ഒ | സ്വന്തം |
| 47 | ടി.കെ ദാമോദരൻ, പാളിയിൽ ഗൗസ്, മട്ടന്നൂർ പി.ഒ | സ്വന്തം |
| 48 | ജനാർദ്ദനൻ, ശ്രീനിവാസ്, കൊതേരി, മട്ടന്നൂർ പി.ഒ | സ്വന്തം |

| | | |
|---|---|---|
| 49 | നസീമ കെ, റാഹത്ത് മൻസിൽ, കൊതേരി, മട്ടന്നൂർ പി.ഒ | സ്വന്തം |
| 50 | പവിത്രൻ പി.കെ, സദ്ഗമയ, കൊതേരി, മട്ടന്നൂർ പി.ഒ | സ്വന്തം |
| 51 | കദ്ദീസുമ്മ, ഷമീമ മൻസിൽ, കൊതേരി, മട്ടന്നൂർ പി.ഒ | സ്വന്തം |
| 52 | അസ്മ, ഷമീമ മൻസിൽ, കൊതേരി, മട്ടന്നൂർ പി.ഒ | സ്വന്തം |
| 53 | അയിസുമ്മ പി.കെ, മാണിയേരി, കൊതേരി, മട്ടന്നൂർ പി.ഒ | സ്വന്തം |
| 54 | ചിത്ര എം, നിഷിത നിവാസ്, കൊതേരി, മട്ടന്നൂർ പി.ഒ | സ്വന്തം |
| 55 | വി. പ്രേമാവതി, പ്രേം നിവാസ്, കൊതേരി, മട്ടന്നൂർ പി.ഒ | സ്വന്തം |
| 56 | പി. ഇ പ്രേമലത, പത്മാലയം, കൊതേരി, മട്ടന്നൂർ പി.ഒ | സ്വന്തം |
| 57 | കരിയിൽ ഭാസ്ക്കരൻ. കരിയിൽ ഹൗസ്, കൊതേരി, മട്ടന്നൂർ | കൂലി |

**6. പദ്ധതിക്ക് ഭൂമി ഏറ്റെടുക്കുമ്പോൾ കുടി ഒഴിപ്പിക്കപ്പെടുന്ന വീടുകളുടെ വിവരങ്ങൾ**

ഈ പദ്ധതിക്കു വേണ്ടി ഏറ്റെടുക്കുന്ന ഭൂമിയിൽ താഴെ പറയുന്നവരുടെ വാസ യോഗ്യമായ വീടുകൾ ഒഴിപ്പിക്കേണ്ടതായി വരും.

1. നസീമ, കെ, റാഹത്ത് മൻസിൽ, കൊതേരി, മട്ടന്നൂർ പി.ഒ

വാർഡ് നമ്പർ -8 , വീട്ട് നമ്പർ 439

മൂന്ന് കിടപ്പ് മുറിയോട് കൂടിയ ഗ്രാനൈറ്റ് വിരിച്ച കോൺക്രീറ്റ് വീട്

2. ജനാർദ്ദനൻ, ശ്രീനിവാസ്, കൊതേരി, മട്ടന്നൂർ പി.ഒ

വാർഡ് നമ്പർ -8 , വീട്ട് നമ്പർ 434

മൂന്ന് കിടപ്പ് മുറിയോട് കൂടിയ ഗ്രാനൈറ്റ് വിരിച്ച പുതിയ കോൺക്രീറ്റ് വീട്. വീടിനോട് അനുബന്ധിച്ച് ഒരു കിണറും കൃഷി ആവശ്യത്തിനായി ഒരു കുഴൽകിണറും നിലവിൽ കാണുന്നുണ്ട്.

3. പവിത്രൻ പി.കെ, സദ്ഗമയ, കൊതേരി, മട്ടന്നൂർ പി.ഒ

വാർഡ് നമ്പർ -8 , വീട്ട് നമ്പർ 435

രണ്ട് കിടപ്പ് മുറിയോട് കൂടിയ മാർബിൾ വിരിച്ച ഒറ്റനില കോൺക്രീറ്റ് വീട്.

4. കദീസുമ്മ, ഷമീമ മൻസിൽ, കൊതേരി, മട്ടന്നൂർ പി.ഒ
വാർഡ് നമ്പർ -8 , വീട്ട് നമ്പർ 432

മുന്ന് കിടപ്പ് മുറിയോട് കൂടിയ തറ കാവിയിട്ട ഒറ്റനില ഓടിട്ട വീട്.

5. അസ്മ, ഷമീമ മൻസിൽ, കൊതേരി, മട്ടന്നൂർ പി.ഒ

വാർഡ് നമ്പർ -8 , വീട്ട് നമ്പർ 431

രണ്ട് കിടപ്പ് മുറിയോട് കൂടിയ ഒറ്റനില കോൺക്രീറ്റ് വീട്.

6. അയിസുമ്മ പി.കെ, മാണിയേരി, കൊതേരി, മട്ടന്നൂർ പി.ഒ

വാർഡ് നമ്പർ -8 , വീട്ട് നമ്പർ 433

രണ്ട് കിടപ്പ് മുറിയോട് കൂടിയ ഓടിട്ട ഒറ്റനില വീട്.

7. ചിത്ര എം, നിഷിത നിവാസ്, കൊതേരി, മട്ടന്നൂർ പി.ഒ

വാർഡ് നമ്പർ -8 , വീട്ട് നമ്പർ

രണ്ട് കിടപ്പ് മുറിയോട് കൂടിയ ഓടിട്ട ഒറ്റനില വീട്.

8. മുരിക്കോളി പുരുഷോത്തമൻ, കപ്പണയിൽ ഹൗസ്, കൊതേരി, മട്ടന്നൂർ പി.ഒ

വാർഡ് നമ്പർ -8 , വീട്ട് നമ്പർ 409

നാല് കിടപ്പ് മുറിയോട് കൂടിയ വീട്.

9. പി. ഇ പ്രേമലത, പത്മാലയം, കൊതേരി, മട്ടന്നൂർ പി.ഒ

വാർഡ് നമ്പർ -8 , വീട്ട് നമ്പർ 406

ആറ് കിടപ്പ് മുറിയോട് കൂടിയ ഇരുനില കോൺക്രീറ്റ് വീട്. രണ്ട് കൂട, ഒരു പുകപ്പുര, വീടിനോടനുബന്ധിച്ച് 1 കിണറും കൃഷി ആവശ്യത്തിന് 1 കിണർ എന്നിവയും ഭൂമിയിലുണ്ട്.

10. കരിയിൽ ഭാസ്ക്കരൻ. കരിയിൽ ഹൗസ്, കൊതേരി, മട്ടന്നൂർ

വാർഡ് നമ്പർ -7 , വീട്ട് നമ്പർ 65

മൂന്ന് കിടപ്പ് മുറികളുള്ള കോൺക്രീറ്റ് വീട്.

**സ്ഥിര താമസമില്ലാത്ത വീട്**

11. പി. ഇ നാരായണൻ നമ്പ്യാർ, വിശ്വം, കൊതേരി, മട്ടന്നൂർ പി.ഒ
വാർഡ് നമ്പർ -8 , വീട്ട് നമ്പർ 405
ഒരു കിടപ്പ് മുറിയും ഒരു ഹാളും കൂടിയ ഒരുനില ഓടിട്ട വീട്.

**7. ഭൂമി ഏറ്റെടുക്കുമ്പോൾ ഒഴിപ്പിക്കപ്പെടുന്ന കച്ചവട സ്ഥാപനങ്ങൾ/വ്യവസായ സ്ഥാപനങ്ങൾ**

ഏറ്റെടുക്കുന്ന ഭൂമിയിൽ കച്ചവട സ്ഥാപനങ്ങളോ, വ്യവസായ സ്ഥാപനങ്ങളോ ഉൾപ്പെടുന്നില്ല. എന്നാൽ മട്ടന്നൂർ യന്ത്രവത്കൃത ചകിരി വ്യവസായ സഹകരണ സംഘത്തിന് ഫാക്ടറി സ്ഥാപിക്കുന്നതിന് വേണ്ടി സർക്കാർ സഹായത്തോടെ വാങ്ങിയ റി.സ 3/1 ഡി യിൽ പെട്ട 1 ഏക്കർ സ്ഥലം ഏറ്റെടുക്കപ്പെടുന്നുണ്ട്.

**8. പദ്ധതി ബാധിതരുടെ പ്രൊഫൈൽ**

**1) വീട് നഷ്ടപ്പെടുന്നവരുടെ സാമ്പത്തിക സ്ഥിതി കാണിക്കുന്ന പട്ടിക**

| ആകെ ഏറ്റെടുക്കുന്ന വീടുകളുടെ എണ്ണം | ദാരിദ്ര്യ രേഖക്ക് താഴെ യുള്ള വീടുകളുടെ എണ്ണം | ദാരിദ്ര്യ രേഖക്ക് മുകളിലുള്ള വീടുകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 10 | 4 | 4 | |

**2) വീട് നഷ്ടപ്പെടുന്നവരുടെ വിദ്യാഭ്യാസനില കാണിക്കുന്ന പട്ടിക**

| ആകെ നഷ്ടപ്പെടുന്ന വീടുകളുടെ എണ്ണം | കുടുംബാംഗങ്ങളുടെ എണ്ണം | ബിരുദധാരികളുടെ എണ്ണം | എസ്.എസ്.എൽ.സി യും ഹയർ സെക്കന്ററിയും | എസ്.എസ്.എൽ.സി ക്ക് താഴെ |
|---|---|---|---|---|
| 10 | 44 | 3 | 13 | 28 |

**3) പദ്ധതി ബാധിതരുടെ തൊഴിൽ സംബന്ധമായ പട്ടിക**

| പദ്ധതി ബാധിതരുടെ ആകെ എണ്ണം | പെൻഷൻകാർ | കൃഷിക്കാർ | ബിസിനസ്സ് | തൊഴിലാളികൾ | സ്വന്തം | ഗവൺമെന്റ് ജീവനക്കാർ | മറ്റുള്ളവർ | ആകെ |
|---|---|---|---|---|---|---|---|---|
| 91 | 4 | 3 | 5 | 15 | 61 | 2 | 1 | 91 |

**9. വസ്തുവിന്റെ ഉടമസ്ഥാവകാശം സംബന്ധമായ വിവരങ്ങൾ**

ഏറ്റെടുക്കുന്ന ഭൂമിയിലെ വസ്തു ഉടമകൾ ഭൂരിഭാഗവും ജന്മം കൈവശം വെച്ച് അനുഭവിക്കുന്നവരാണ്. കുടികിടപ്പുകാരോ, അന്യ കൈവശക്കാരോ ആരും തന്നെ ഇല്ലായെന്ന് കാണുന്നു. എന്നാൽ ചില കൈവശങ്ങൾ നേരത്തെ ഭൂമി ഏറ്റെടുത്തപ്പോൾ അളവിൽ അധികം വന്നവയും കൃത്യമായ ആധാരമില്ലാതെ കൈവശം വെച്ച് വരുന്നവയുമാണ്.

**10. കഴിഞ്ഞ 3 വർഷമായി ഭൂമി വിലയിൽ ഉണ്ടായ മാറ്റങ്ങൾ**

ഭൂമി ഏറ്റെടുക്കുന്ന പ്രദേശം വിമാനത്താവള പദ്ധതി പ്രദേശമായി വളരെ വർഷങ്ങൾക്ക് മുന്നെ തന്നെ പ്രഖ്യാപിക്കപ്പെട്ടവയാണ്. ആയതിനാൽ ഈ ഭൂമികളിൽ കഴിഞ്ഞ കുറേ വർഷങ്ങളായി വ്യക്തികൾക്കിടയിൽ യാതൊരുവിധ കൈമാറ്റങ്ങളും നടന്നതായി കാണുന്നില്ല. സർക്കാറിന് വേണ്ടി കിൻഫ്രയും ഭുവുടമകളും തമ്മിൽ നടത്തിയ കൈമാറ്റങ്ങൾ മാത്രമാണ് നടന്നിട്ടുള്ളത്. സർക്കാരിന് വേണ്ടി കിൻഫ്ര ഏറ്റവും അവസാനമായി മേൽപറഞ്ഞ ബ്ലോക്കുകളിൽ ഭൂമി വാങ്ങിയിട്ടുള്ളത് ജി.ഒ(ആർ.ടി) 4272/15 തിയ്യതി 11.08.2015 പ്രകാരമാണ്. ഈ ഉത്തരവ് പ്രകാരം താഴെ പ്രകാരമുള്ള കാറ്റഗറിയിലുള്ള ഭൂമികൾക്ക് വില നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്.

1). സ്റ്റേറ്റ് ഹൈവെയോട് അടുത്ത് നിൽക്കുന്ന ഭൂമികൾ - ആറിന് 2,80997 രൂപ

2). പഞ്ചായത്ത് ഭൂമിക്ക് അടുത്ത് നിൽക്കുന്നുവ - ആറിന് 2,52,895 രൂപ

3). റോഡ് ബന്ധം ഇല്ലാത്തവ - ആറിന് 2,36,406 രൂപ

ഈ വസ്തുവിൽ നിന്ന് വളരെ അകലെ അല്ലാതെ സ്ഥിതി ചെയ്യുന്ന പഴശ്ശി അംശം മട്ടന്നൂർ ദേശത്ത് കല്ലേരിക്കര ഭാഗത്ത് ലൈറ്റ് അപ്രോച്ചിന് വേണ്ടി ഏറ്റെടുക്കുന്ന ഭൂമിക്ക് സെന്റിന് 8 ലക്ഷം രൂപ പ്രകാരം വില നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ഈ വില അംഗീകരിച്ചതിന് ശേഷം മറ്റ് ഭൂമികൾക്കും സമാനമായ രീതിയിൽ വില വർദ്ധന ഉടമകൾ പ്രതീക്ഷിക്കുന്നുണ്ട്.

## VI പൊതു കേൾക്കൽ (പബ്ലിക്ക് ഹിയറിങ്ങ്)

2015 ലെ കേരള ഭൂമി ഏറ്റെടുക്കൽ ചട്ടം 13 ാം വകുപ്പ് പ്രകാരം തയ്യാറാക്കിയ സാമൂഹ്യാഘാത പഠന റിപ്പോർട്ടിന്റെയും സാമൂഹ്യാഘാത പരിഹാര റിപ്പോർട്ടിന്റെയും കരട് 10.01.2018 ന് കണ്ണൂർ ജില്ലാ കലക്ടറുടെ ഓഫീസിലും കീഴല്ലൂർ ഗ്രാമ പഞ്ചായത്തിലും പരസ്യപ്പെടുത്തി. കരട് റിപ്പോർട്ട് www.vigil-mattannur.in എന്ന സാമൂഹ്യാഘാത പഠന യൂനിറ്റിന്റെ വെബ്സൈറ്റിലും പരസ്യപ്പെടുത്തി. ചട്ടം 14 പ്രകാരമുള്ള ബന്ധപ്പെട്ടവരുടെ പൊതുകേൾക്കൽ 17.02.2018 ന് മട്ടന്നൂർ മധുസൂദനൻ തങ്ങൾ സ്മാരക യു.പി സ്കൂളിൽ വെച്ച് നടത്താൻ നിശ്ചയിക്കുകയും ഫോറം 4 ൽ ഉള്ള നോട്ടീസ് 31.01.2018 ലെ കേരള കൗമുദി, സുദിനം ദിന പത്രങ്ങളിൽ ഫോറം5 ൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇത് കൂടാതെ ബന്ധപ്പെട്ട കക്ഷികൾക്ക് തപാൽ മാർഗ്ഗം നോട്ടീസ് നൽകുകയും ചെയ്തു.

17.02.2018 ന് ചേർന്ന പബ്ലിക് ഹിയറിങ്ങിൽ യൂനിറ്റ് അംഗങ്ങൾക്ക് പുറമെ കിൻഫ്ര മാനേജിംഗ് ഡയറക്ടറുടെ പ്രതിനിധി ലെയ്സൺ ഓഫീസർ ശ്രീ കെ.വി ഗംഗാധരൻ, എയർപോർട്ട് സ്പെഷ്യൽ തഹസിൽദാർ നമ്പർ 2 ശ്രീ കെ ഗോപിനാഥൻ എന്നിവർ പങ്കെടുത്തു. വിമാനത്താവള കമ്പനിയായ കിയാലിന്റെ പ്രതിനിധികൾ ആരും തന്നെ ഹിയറിംഗിന് ഹാജരായില്ല.

പൊതു കേൾക്കൽ കൃത്യം 11 മണിക്ക് തുടങ്ങി. 42 ഭൂവുടമകൾ യോഗത്തിന് എത്തിച്ചേർന്നു. ഹിയറിംഗിന്റെ നടപടി വിവരം താഴെ കൊടുക്കുന്നു.

ഹിയറിംഗിന്റെ തുടങ്ങുന്നതിന് മുമ്പ് ആമുഖമായി യൂനിറ്റ് ചെയർമാൻ സാമൂഹ്യാഘാത പഠനം എന്താണെന്നും ആയതിന്റെ പ്രാധാന്യത്തെപറ്റിയും വിശദീകരിച്ചു. ഭൂമി ഏറ്റെടുക്കൽ വിജ്ഞാപനം പുറപ്പെടുവിച്ചു കഴിഞ്ഞാൽ എല്ലാ ഭൂവുടമകളും അവരുടെ അവകാശം തെളിയിക്കുന്നതിനുള്ള രേഖകൾ ഭൂമി ഏറ്റെടുക്കുന്ന ഓഫീസർ മുമ്പാകെ ഹാജരാക്കേണ്ടതുണ്ടെന്നും ആയതിനാൽ എല്ലാവരും അവരുടെ ഭൂമി സംബന്ധമായ രേഖകൾ കൃത്യത വരുത്തണമെന്നും നിർദ്ദേശിച്ചു. തുടർന്ന് ഭൂവുടമകളോടും ഭൂമിയിൽ താല്പര്യമുള്ള മറ്റുള്ളവരോടും അവരുടെ ആക്ഷേപങ്ങളൊ, എതിർപ്പുകളൊ, ആവശ്യങ്ങളൊ ഉണ്ടെങ്കിൽ നിർദ്ദേശിക്കാൻ ആവശ്യപ്പെട്ടു. യോഗത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ ഉന്നയിക്കപ്പെട്ടു.

1.ശ്രീ കെ.കെ മുഹമ്മദിന് വേണ്ടി അക്ബർ സി.സി

ഇപ്പോൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന് നാല് വർഷങ്ങൾക്ക് മുമ്പ് സെന്റിന് 1,03,000/- രൂപ നൽകാമെന്ന് പറയുകയുണ്ടായി. എന്നാൽ ഇപ്പോൾ വിമാനത്താവളത്തിന് വേണ്ടി സെന്റിന് 8,40,000/- രൂപ വരെ നൽകിയതായി അറിയുന്നു. ആയതിനാൽ ഇപ്പോളത്തെ മാർക്കറ്റ് അനുസരിച്ച് ന്യായമായ വില നൽകണമെന്ന് ആവശ്യപ്പെട്ടു

2. ചന്ദ്രോത്ത് രാമചന്ദ്രൻ നായർ

തൊട്ടടുത്ത രണ്ട് സർവ്വേ നമ്പറുകളിലായി ഒരേക്കർ ഭൂമി കൈവശത്തിലുണ്ട്. ഒരു സർവ്വേ നമ്പറിൽ 10 സെന്റ് ഭൂമി കുറവും അത്രയും സ്ഥലം മറ്റേ സർവ്വേ നമ്പറിൽ അധികമായും ഉണ്ടായിരുന്നു. അധികമായി വന്ന സർവ്വേ നമ്പറിലെ ഭൂമിക്ക് രേഖയില്ല എന്ന് പറഞ്ഞു ഏറ്റെടുത്തില്ല. ബാക്കി വന്ന ഭൂമി ഏറ്റെടുക്കണമെന്നാണ് ആവശ്യം.

3.ജനാർദ്ദനൻ കൊതേരി

തന്റെ കൈവശം 50 സെന്റ് ഭൂമിയുണ്ടെന്നും മുമ്പ് അന്വേഷിച്ചപ്പോൾ ഏറ്റെടുക്കാൻ സാധ്യതയില്ല എന്ന് പറഞ്ഞത് കൊണ്ട് ഒന്നര വർഷം മുമ്പാണ് വീടെടുത്തതെന്നും വീടും സ്ഥലവും ഏറ്റെടുക്കുമ്പോൾ 14 സെന്റ് സ്ഥലം ബാക്കി വരുന്നുണ്ടെന്നും ആ സ്ഥലം പിന്നീട് ഉപയോഗ ശൂന്യമാകുമെന്നും ആയതിനാൽ മുഴുവൻ വസ്തുവും ഏറ്റെടുക്കണമെന്നാണ് ആവശ്യം.

4.അബ്ദുൾ റഷീഖ് എൻ.പി, കൊതേരി

2015 മെയ് മാസത്തിൽ ഡി.എൽ.പി.സി കൂടിയപ്പോൾ സമ്മതപത്രം നൽകുകയും തുടർന്ന് രേഖകൾ എല്ലാം ഹാജരാക്കുകയും ചെയ്തു. തനിക്ക് 4.71 ഏക്കർ സ്ഥലമുണ്ടെന്നും അളവിൽ വ്യത്യാസമുണ്ടെന്നും ആയത് സംബന്ധമായി വ്യക്തത വരുത്തണമെന്നും 2015 ൽ നിശ്ചയിച്ച വില അപര്യാപ്തമാണെന്നും വില പുതുക്കി നിശ്ചയിക്കണമെന്നും ആവശ്യപ്പെട്ടു.

5.മീത്തലെ രയരോത്ത് കൃഷ്ണൻ നായർ

തന്റെ പേരിൽ കൊതേരി ദേശത്ത് റീ.സ 3/1 എ യിൽ ഒരു ഏക്കർ സ്ഥലമുണ്ടെന്നും അതിൽ 90 സെന്റ് സ്ഥലം മാത്രമെ രജിസ്റ്റർ ചെയ്തിട്ടുള്ളു എന്നും ബാക്കി 10 സെന്റ് കൂടി ഏറ്റെടുത്ത് നഷ്ടപരിഹാരം നൽകണമെന്നാണ് ആവശ്യം

6.പി.ഇ നാരായണൻ നമ്പ്യാർ

തന്റെ കൈവശം 3.74 ഏക്കർ സ്ഥലം കൈവശമുണ്ടെന്നും ഇപ്പോൾ 1.072 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കുന്നതെന്നും ഇത് ഏറ്റെടുത്തു കഴിഞ്ഞാൽ ചെറിയൊരു സ്ഥലം മാത്രമെ ബാക്കിയുണ്ടാവുകയുള്ളുവെന്നും അത്രയും ചെറിയ സ്ഥലം നിലനിർത്തിയത് കൊണ്ട് യാതൊരു കാര്യവുമില്ലെന്നും ആയതിനാൽ ബാക്കി വന്ന സ്ഥലംകൂടി ഏറ്റെടുക്കണമെന്നും ആവശ്യപ്പെട്ടു. കൂടാതെ സഹോദരി കല്യാണിയമ്മയുടേയും ഭാര്യ ശാന്തകുമാരിയുടേയും കൈവശ സ്ഥലങ്ങളിലേക്ക് പോകാൻ വഴി അനുവദിച്ചു തരണമെന്നും ആവശ്യപ്പെട്ടു. കൂടാതെ വസ്തുവിന്റെ കാറ്റഗറി നിശ്ചയിക്കുന്നത് ശാസ്ത്രീയമായിരിക്കണമെന്നും നിർദ്ദേശിച്ചു.

7. എ. രാഘവൻ മണ്ണൂർ

മട്ടന്നൂർ യന്ത്രവത്കൃത ചകിരി വ്യവസായ സംഘത്തിന് ഫാക്ടറി സ്ഥാപിക്കാൻ വിലക്ക് വാങ്ങിയ സ്ഥലമാണെന്നും വേറെ സ്ഥലം വാങ്ങിക്കാൻ ഇപ്പോൾ നിശ്ചയിച്ച വില അപര്യാപ്തമാണെന്നും നാല് ഇരട്ടിയെങ്കിലും വില വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു.

8. പ്രേമലത പി ക്ക് വേണ്ടി മകൻ ഷൈൻ

തങ്ങളുടെ കുടുംബത്തിന്റെ കൈവശത്തിൽ ഉണ്ടായിരുന്ന 3 ഏക്കർ സ്ഥലം മുമ്പ് ഏറ്റെടുത്തിട്ടുണ്ടെന്നും ഈ സ്ഥലമല്ലാതെ വേറെ സ്ഥലമില്ലായെന്നും തന്റെ പിതാവിന്റെ ഭൗതിക ദേഹം സ്ഥിതി ചെയ്യുന്ന ഭൂമി വിട്ടു നൽകാൻ തയ്യാറില്ല എന്ന് പറഞ്ഞു. ഈ ഭൂമി അക്വിസിഷനിൽ നിന്നും ഒഴിവാക്കി തരണമെന്ന് ആവശ്യപ്പെട്ടു.

9. കെ.കെ കുഞ്ഞമ്മദ് മാസ്റ്റർ

മൂന്ന് സർവ്വേ നമ്പറുകളിലായി 4.75 ഏക്കർ വസ്തു ഉണ്ടെന്നും വിവിധ സർവ്വേ നമ്പറുകളിലായി അളവിൽ വ്യത്യാസമുണ്ടെന്നും അളവിലുള്ള വ്യത്യാസം പരിഹരിക്കണമെന്നും ആവശ്യപ്പെട്ടു.

10. അബൂബക്കറിന് വേണ്ടി ഷാനിസ്

തന്റെ അമ്മാവൻ അബൂബക്കറിന് ഒരേക്കർ പത്ത് സെന്റ് സ്ഥലമാണുള്ളതെന്നും മൊബൈൽ ടവർ നിൽക്കുന്ന 5 സെന്റ് സ്ഥലം കഴിച്ച് ബാക്കി വരുന്ന സ്ഥലത്തിന് നിലവിലുള്ള മാർക്കറ്റ് വില ലഭിക്കണമെന്ന് ആവശ്യപ്പെട്ടു.

11. എ.ആർ ഗോവിന്ദൻ

തന്റെ കൈവശത്തിൽ 98 സ്ഥലം ഉണ്ടായിരുന്നുവെന്നും അതിൽ 90 സെന്റ് ഏറ്റെടുത്തെന്നും ബാക്കി 8 സെന്റ് സ്ഥലം കൂടി ഏറ്റെടുത്ത് നഷ്ട പരിഹാരം നൽകണമെന്ന് ആവശ്യപ്പെട്ടു.

12. പി.കെ പവിത്രൻ കൊതേരി

തനിക്ക് ആകെ 10 സെന്റ് ഭൂമിയും വീടും മാത്രമെ ഉള്ളുവെന്നും പ്രസ്തുത സ്ഥലത്തിനും വീടിനും ന്യായമായ വിലയും പാക്കേജ് പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും അനുവദിക്കണമെന്നും ആവശ്യപ്പെട്ടു.

13. ചന്ദ്രോത്ത് ദാമോദരൻ നായർ

രണ്ടാം നമ്പർകാരൻ ചന്ദ്രോത്ത് രാമചന്ദ്രൻ നായർ സൂചിപ്പിച്ച അതേ പ്രശ്നം തന്നെയാണ് തന്റെയും പ്രശ്നമെന്ന് സൂചിപ്പിച്ചു.

14. കെ.കെ രാജേന്ദ്രൻ

ഏറ്റെടുക്കുന്ന സ്ഥലത്തിന് ഇപ്പോളത്തെ മാർക്കറ്റ് വില അനുസരിച്ച വില നൽകണമെന്ന് ആവശ്യപ്പെട്ടു.

15. സവിത മുതൽ പേർക്ക് വേണ്ടി സജേഷ്

കൈവശമുള്ള ഒരു ഏക്കർ സ്ഥലത്തിൽ 91 സ്ഥലം ഏറ്റെടുത്തുവെന്നും ബാക്കി 9 സെന്റ് സ്ഥലത്തിന് ന്യായമായ നഷ്ട പരിഹാരം നൽകണമെന്നും ആവശ്യപ്പെട്ടു.

16. നസീമ കെ

ആകെ 10 സെന്റ് സ്ഥവും വീടും മാത്രമെ ഉള്ളുവെന്നും അത് ഏറ്റെടുക്കുമ്പോൾ ന്യായമായ വിലയും പാക്കേജ് പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും അനുവദിക്കണമെന്നും ആവശ്യപ്പെട്ടു.

17. അസ്സൈനാർ

40 സെന്റ് സ്ഥവും വീടും മാത്രെമെ ഉള്ളുവെന്നും ഏറ്റെടുക്കുമ്പോൾ ന്യായമായ വിലയും പാക്കേജ് പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും അനുവദിക്കണമെന്നും ആവശ്യപ്പെട്ടു.

18. അബ്ദുൾ റഹ്മാൻ

തന്റയും മകൾ നബീസ്സുടേയും പേരിലുള്ള വീടും സ്ഥലവും ഏറ്റെടുക്കുമ്പോൾ ന്യായമായ നഷ്ടപരിഹാരവും പാക്കേജ് പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും അനുവദിക്കണമെന്നും ആവശ്യപ്പെ ട്ടു.

19. കെ.കെ ഈസ്സ

ഏറ്റെടുക്കുന്ന ഏഴര സെന്റിന് ന്യായമായ നഷ്ടപരിഹാരം ലഭിക്കണമെന്ന് ആവശ്യപ്പെട്ടു.

20. കെ ഭാസ്ക്കരന് വേണ്ടി മകൻ അമർഷ്

ആകെ 10 സെന്റ് സ്ഥവും വീടും മാത്രമാണ് ഉള്ളതെന്നും ഏറ്റെടുക്കുന്നുണ്ടെങ്കിൽ എത്രയും വേഗം ചെയ്യണമെന്നും ആവശ്യപ്പെട്ടു.

മേൽ പറഞ്ഞവരിൽ 1,4,7,10,1214,15,16,17,18,19 എന്നിവർ ന്യായമായ വില കിട്ടണമെന്ന ആവശ്യ മാണ് ഉന്നയിച്ചത്. ലാന്റ് അക്വിസിഷൻ നിയമ പ്രകാരം പരമാവധി നഷ്ട പരിഹാരം ലഭിക്കുന്ന കാര്യം ഉറപ്പാക്കുമെന്ന് സ്പെഷ്യൽ തഹസിൽദാരും കിൻഫ്ര പ്രതിനിധിയും യോഗത്തിൽ ഉറപ്പ് നൽകി.

2,5,11,13 നമ്പറുകാർ നേരത്തെ ഏറ്റെടുത്തപ്പോൾ ബാക്കിയായ സ്ഥലംകൂടി ഏറ്റെടുക്കണമെ ന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ഇപ്പോൾ ലാന്റ് അക്വിസിഷൻ നടപടികൾ തുടങ്ങിയിട്ടുള്ളത് ഇതേ കാര്യ ത്തിന് വേണ്ടിയായതിനാൽ പ്രത്യേക നടപടി ആവശ്യമില്ല എന്ന് കാണുന്നു.

നിലവിലുള്ള അലൈൻമെന്റ് പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ 3,6, നമ്പറുകാരുടെ സ്ഥല ത്തിന്റെ ചെറിയ ഭാഗം മാത്രം ബാക്കിയാകുന്ന സ്ഥിതിയാണ്. പദ്ധതിയുടെ അലൈൻമെന്റ് തയ്യാറാ ക്കുന്നത് കിയാൽ ആയതിനാൽ ഇത് സംബന്ധമായ ഒരു തീരുമാനം കിയാലിനു മാത്രമെ എടു

ക്കാൻ സാധിക്കുകയുള്ളു. കിയാൽ പ്രതിനിധി ഹിയറിംഗിന് ഹാജരാക്കാത്തതിനാൽ ഇത് സംബന്ധ മായി യാതൊരു വിശദീകരണവും നൽകാൻ സാധിച്ചില്ല.

സ്ഥലം അളന്നപ്പോൾ അളവിൽ വ്യത്യാസം വന്നതിനെ പറ്റിയാണ് 4,9 നമ്പറുകാർ സൂചിപ്പിച്ചത്. ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിച്ചതിന് ശേഷം അളവ് സംബന്ധമായ ആക്ഷേപങ്ങൾ ഭൂമി ഏറ്റെടുക്കൽ ഓഫീസർ മുമ്പാകെ സമർപ്പിക്കാവുന്നതാണെന്ന് കാണുന്നു.

ഹിയറിംഗ് വേളയിൽ താഴെ പറയുന്ന ഭുവുടമകൾ ചെയർമാന് മുമ്പാകെ എഴുതി തയ്യാറാക്കിയ പരാതികൾ ബോധിപ്പിച്ചു.

1.പി.ഇ പ്രേമലത, കൊതേരി

2. അബ്ദുള്ളക്കുട്ടി, കൊതേരി

3. കെ.കെ രാജേന്ദ്രൻ, വെള്ളിയാം പറമ്പ്

മേൽ പറഞ്ഞ 3 ഹരജികളും അർത്ഥാനികാരിയായ കിൻഫ്ര മാനേജിങ്ങ് ഡയറക്ടർക്ക് റിമാർക്സിനായി അയച്ചു കൊടുക്കുകയും സമയ പരിധിക്കുള്ളിൽ തന്നെ മറുപടി ലഭിക്കുകയും ചെയ്തു. ഇതിൽ പി.ഇ പ്രേമലതയുടെ ഹരജി മൊത്തം സ്ഥലവും ഒഴിവാക്കി തരണമെന്നും, കെ.കെ അബ്ദുള്ളക്കുട്ടിയുടേത് മൊബൈൽ ടവർ നിൽക്കുന്ന 5 സെന്റ് ഒഴിവാക്കി കൊടുക്കണമെന്നുമാണ്. അർത്ഥനാധികാരിയുടെ റിമാർക്സ് പരിശോധിച്ചതിൽ നിലവിലുള്ള പദ്ധതിയുടെ അലൈൻമെന്റ് യാതൊരു കാരണവശാലും മാറ്റാൻ നിർവ്വാഹമില്ലെന്ന് കാണുന്നു. കെ.കെ രാജേന്ദ്രന്റെ പരാതിയിൽ നേരത്തെ ഭൂമി ഏറ്റെടുക്കാത്ത കാര്യവും കൂടാതെ വിലയെ സംബന്ധിച്ചുമാണ് പറഞ്ഞിട്ടുള്ളത്. നേരത്തെ വിവിധ കാരണങ്ങളാൽ ഏറ്റെടുക്കാൻ സാധിക്കാത്ത ഭൂമികൾ ഏറ്റെടുക്കാൻ ജി.ഒ (ആർ.ടി) 95/17/ട്രാൻസ് തിയ്യതി 01.03.2017, ജി.ഒ (ആർ.ടി) 122/17/ട്രാൻസ് തിയ്യതി 16.03.2017, പ്രകാരം ഉത്തരവാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നുണ്ട്. ടിയാന് എൽ.എ ആർ.ആർ ആക്ട് പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും ഉറപ്പ് വരുത്തുന്നതാണെന്ന് അർത്ഥനാധികാരി ഉറപ്പ് നൽകിയിട്ടുണ്ട്.

ഇതിന് പുറമെ പബ്ലിക് ഹിയറിംഗ് വേളയിൽ താഴെ പറയുന്നവർ ഉയർത്തിയ പ്രശ്നങ്ങൾകൂടി അർത്ഥനാധികാരിയുടെ റിമാർക്സിന് അയച്ചു കൊടുത്തിരുന്നു.

1.പി.ഇ നാരായണൻ നമ്പ്യാർ, കൊതേരി

2. ജനാർദ്ദനൻ, കൊതേരി

നിലിവിലുള്ള അലൈന്റ്മെന്റ് പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ ബാക്കിയായി വരുന്ന വസ്തു കൂടി ഏറ്റെടുക്കണമെന്നാണ് മേൽപറഞ്ഞ രണ്ട് പേരുടേയും ആവശ്യം. നിലവിലുള്ള അലൈൻമെന്റിൽ

യാതൊരു കാരണവശാലും മാറ്റാൻ നിർവ്വാഹമില്ലെന്ന് അർത്ഥനാധികാരി അറിയിച്ചിട്ടുള്ളതിനാൽ മേൽ പറഞ്ഞ അപേക്ഷകളും പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന് കാണുന്നു.

## VII പദ്ധതിയുടെ സാമൂഹ്യാഘാതങ്ങൾ

1. കാർഷിക മേഖലക്കുണ്ടാകുന്ന ആഘാതം

ഏറ്റെടുക്കുന്ന ഭൂമിയിൽ ഏകദേശം താഴെ പറയുന്ന കൃഷികൾ ഉള്ളതായി കാണുന്നു.

തെങ്ങ് - 217 എണ്ണം

കുരുമുളക് - 177

കവുങ്ങ് - 15

റബ്ബർ - 547

കശുമാവ് - 325

ഇതിന് പുറമെ ധാരാളം തേക്ക് മരങ്ങളും മറ്റ് പടുമരങ്ങളും ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നു. പദ്ധതിക്ക് വേണ്ടി നെൽവയലുകൾ ഒന്നും തന്നെ ഏറ്റെടുക്കുന്നില്ല.

2. തൊഴിൽ സംബന്ധമായ ആഘാതം

ഏറ്റെടുക്കുന്ന ഭൂമിയിൽ കാർഷികവൃത്തി മാത്രം ആശ്രയിച്ച് ജീവിക്കുന്നവർ ആരും തന്നെ ഇല്ലായെന്ന് കാണുന്നു. ആയതിനാൽ ഭൂമി ഏറ്റെടുക്കുന്നതിനാൽ തൊഴിൽ നഷ്ടം ഉണ്ട് എന്ന് കണക്കാക്കാവുന്നതല്ല.

3. പൊതു ഇടങ്ങൾക്കുണ്ടാകുന്ന നഷ്ടം

ഈ പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്ന ഭൂമിയിൽ ആരാധനാലയങ്ങൾ, അംഗൻവാടികൾ, കളിസ്ഥലങ്ങൾ, കുളങ്ങൾ, തോടുകൾ തുടങ്ങിയ പൊതു ഇടങ്ങൾ ഒന്നും തന്നെ ഉൾപ്പെടുന്നില്ല. എന്നാൽ റീ.സ 3/1 ജെ ൽ ഉൾപ്പെടുന്ന സ്ഥലത്ത് ഒരു ടെലികോം ടവർ നിലനിൽക്കുന്നതായി കാണുന്നു.

4. പരിസ്ഥിതിക്ക് ഉണ്ടാകുന്ന ആഘാതങ്ങൾ

വിമാനത്താവള പദ്ധതിയുടെ പാരിസ്ഥിതിക പഠനം നേരത്തെ നടത്തിയിട്ടുള്ളതാണ്. പദ്ധതിയുടെ മൊത്തത്തിലുള്ള പാരിസ്ഥിതിക പഠനം നടത്തി കഴിഞ്ഞ സ്ഥിതിക്ക് അതിന്റെ ചെറിയ ഒരംശം മാത്രം വരുന്ന ഈ പദ്ധതിയുടെ പാരിസ്ഥിതിക ആഘാതം പ്രത്യേകം പരാമർശിക്കേതുണ്ടെന്ന് തോന്നുന്നില്ല.

## ഭാഗം II

## VIII. സാമൂഹ്യാഘാത പരിഹാര റിപ്പോർട്ട്

1. ഈ പദ്ധതി പ്രകാരം ഭൂമിയും വീടും നഷ്ടപ്പെടുന്നവർക്ക് 2013 ലെ കേന്ദ്ര ഭൂമി ഏറ്റെടുക്കൽ നിയമത്തിൽ വ്യവസ്ഥ ചെയ്യപ്പെട്ട നഷ്ടപരിഹാര/പുനരധിവാസ വ്യവസ്ഥകളിൽ കുറയാത്തആനുകൂല്യങ്ങൾ നൽകേണ്ടതാണ്.
2. വീട് നഷ്ടപ്പെടുന്നവർക്ക് അനുവദിച്ച പ്രത്യേക പാക്കേജ് പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകേണ്ടതാണ്.
3. നിലവിലുള്ള അലൈൻമെന്റിന് പുറത്ത് അല്പം സ്ഥലം മാത്രം ബാക്കി വരുന്നവരുടെ കാര്യം പ്രഖ്യാപനത്തിന് മുമ്പായി തീർപ്പ് കല്പിക്കേണ്ടതാണ്.
4. നിയമപരമായ ചട്ടക്കൂടുകൾ

(എ) 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട്

(ബി) ജി.ഒ (എം.എസ്) 07/2008, തിയ്യതി 01.02.2008

## ഭാഗം III

## IX. ശുപാർശ

സംസ്ഥാനത്തിന്റേയും വിശിഷ്യാ കണ്ണൂർ ജില്ലയുടേയും വികസനത്തിന് കുതിപ്പേകുന്ന ഏറ്റവും പ്രധാനപ്പെട്ട അടിസ്ഥാന വികസന പദ്ധതിയാണ് കണ്ണൂർ വിമാന താവള പദ്ധതി. ഈ പദ്ധതിക്ക് വേണ്ടി മേൽ വിവരിച്ച സ്ഥലങ്ങൾ ഏറ്റെടുക്കുന്നത് കൊണ്ട് കാര്യമായ ആഘാതങ്ങൾ ഒന്നു തന്നെ ഉണ്ടാകുന്നില്ല എന്ന് കാണുന്നു. നേരെമറിച്ച് പദ്ധതിയുടെ നേട്ടങ്ങൾ നിരവധിയുമാണ്. മേൽ സാഹചര്യത്തിൽ ഈ പദ്ധതി നിർദ്ദേശിക്കപ്പെട്ട രീതിയിൽ നടപ്പാക്കുന്നതിന് ഈ യൂനിറ്റ് ശുപാർശ ചെയ്യുന്നു.

ചെയർമാൻ
സാമൂഹ്യാഘാത പഠന യൂനിറ്റ്

ഉള്ളടക്കം :

1. ഏറ്റെടുക്കുന്ന ഭൂമിയുടെ സ്കെച്ചുകൾ
2. ഏറ്റെടുക്കുന്ന വീടുകളുടെ ചിത്രങ്ങൾ
3. ജി.ഒ (ആർ.ടി) 95/2017, തിയ്യതി 01.03.2017
4. ജി.ഒ (ആർ.ടി) 122/2017, തിയ്യതി 16.03.2017
5. ജി.ഒ (എം.എസ്) 07/2008, തിയ്യതി 01.02.2008
6. 31.01.2018 ലെ കേരള കൗമുദി പത്രത്തിന്റെ പകർപ്പ്
7. 31.01.2018 ലെ സുദിനം പത്രത്തിന്റെ പകർപ്പ്